പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1184

12.03.2015 ൽ
മറുപടിക്ക്

## തിരുവല്ല കാവുംഭാഗം വില്ലേജിലെ നിലം നികത്ത്

ചോദ്യം
ശ്രീ.മാത്യു റ്റി.തോമസ്:

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലത്ത് തണ്ടപ്പേരിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 10 ഏക്കറോളം നിലം നികത്തുവാൻ ഉത്തരവ് നൽകിയത് സംബന്ധിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിലാണ് ;വിശദമാക്കാമോ; | (എ) | തിരുവല്ലയിലെ കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7 ൽ റീസർവ്വെ നമ്പർ 167/3-1, 168/2, 168/3, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട ഭൂമിയിൽ റോഡ് നിരപ്പിൽ നിന്നും താഴ്ന്ന കിടക്കുന്ന ഭാഗങ്ങൾ മാത്രം മണ്ണിട്ട് റോഡ് നിരപ്പിലേക്ക് ഉയർത്തുന്നതിന് തിരുവല്ല RDO 15.02.2014 ൽ A3-719/14 - ാം നമ്പരായി അനുമതി നൽകിയിരുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവല്ല എം.എൽ.എ അഡ്വ.മാത്യു ടി തോമസ് 05.03.2014 ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതി 10.03.2014 ൽ LR A1-10785/14 റവന്യൂ വിജിലൻസിലേക്ക് അന്വേഷണത്തിനായി അയച്ചിരുന്നതും RVC/A1-211/2014 -ാം നമ്പരായി 21.04.2014 മുതൽ അന്വേഷണം ആരംഭിക്കുകയും RDO ഓഫീസിൽ നിന്നും സീനിയർ സൂപ്രണ്ടിനെ തെളിവെടുപ്പിന് വിളിച്ചു വരുത്തി വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്.<br>പത്തനംതിട്ട ജില്ലാ കളക്ടറുടെ 12.06.2006 ലെ സി4-28196/06/കെ ഡിസ് ഉത്തരവ് പ്രകാരം നിലം ഉടമയായ കെ.പി.വിജയന് 2 ഹെക്ടർ 13 ആർ 61 ച.മീ. നികത്തുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ ടി നിലം നികത്തിയിട്ടുള്ളതുമാണ്. 2014 ൽ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിന് പെരിങ്ങര പഞ്ചായത്തിൽ നിന്നും നൽകിയ ബിൽഡിംഗ് പെർമിറ്റ് No.A2-328/2014 dated 28.01.2014 പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി സർവെ 167/3-1, 168/2, 168/3, 168/4, 168/5, 167/4, 169/1, 169/2, 169/3, 170/1 എന്നിവയിൽപ്പെട്ട കാവുംഭാഗം വില്ലേജിലെ ശ്രീ.കെ.പി.വിജയന്റെ ഉടമസ്ഥത |

| | | | |
|---|---|---|---|
| | | | യിലുള്ള സ്ഥലത്തിന്റെ താഴ്ന്ന കിടക്കുന്ന ഭാഗം റോഡ് നിരപ്പിൽ ഉയർത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 15.02.2014 ൽ തിരുവല്ല RDO ഉത്തരവ് നൽകിയിട്ടുള്ളതും ടിയാൻ വ്യവസ്ഥകൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ 03.03.2014 ൽ ടി ഉത്തരവ് പിൻവലിച്ചിട്ടുള്ളതും ഇതിനെതിരെ നിലമുടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 7037/14(D) നമ്പർ കോടതി വിധി പ്രകാരം RDO നൽകിയ നിരോധന ഉത്തരവ് റദ്ദ് ചെയ്യുകയും KLU ഉത്തരവ് പ്രകാരം പരാമർശ നിലം നികത്ത് ഭൂമി റോഡ് നിരപ്പിൽ ഉയർത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 20.03.2014 ൽ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും മണ്ണ് നിക്ഷേപിക്കുന്നത് RDO ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ നിലം ഉടമ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9722/14 ൽ ഇനം മാറ്റത്തിനായി നൽകിയ അപേക്ഷ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | റവന്യൂ വിജിലൻസ് നടത്തി വന്ന അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കണ്ടെത്തലുകൾ ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. അന്വേഷണം നടന്നു വരുന്നു. |
| (സി) | അന്വേഷണം എന്ന് ആരംഭിച്ചു ; എന്ന് പൂർത്തീയാക്കി ;അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) | 21.04.2014 ൽ അന്വേഷണം ആരംഭിച്ചു അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി RDO ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉത്തരവുകളും, വില്ലേജ് ഓഫീസറേയും ഹിയറിംഗിന് വിളിച്ച് രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന കൂടി പൂർത്തിയാക്കി ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തീകരിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |